ശ്രീമതി രാധാരാഘവൻ : വയനാട് ജില്ലയിൽ ഇത്രത്തോളം പുരോഗതി ഉണ്ടായിട്ടും ആദിവാസി മേഖലയിൽ ഗ്രാമസഭ തുടങ്ങുന്നത് അറിയിക്കാൻ പ്രത്യേകമായി നടപടി സ്വീകരിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ഗ്രാമസഭ ചേരുന്നതിന് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളത്, നോട്ടീസ് അടിച്ച്, ഓരോ വീട്ടിലും നേരിട്ട് കൊണ്ടുപോയി കൊടുത്ത് അവരെ അറിയിക്കണം എന്നുണ്ട്. ഇനിയും ഫലപ്രദമായി എന്തു ചെയ്യാൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ച് ആലോചിക്കാം

സാമ്പത്തിക മാന്ദ്യം

3 (*211) ശ്രീ. പി. കെ. കുമാരൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യാ രാജ്യത്താകെ ഇപ്പോൾ അനുഭവപ്പെട്ടുവരുന്ന സാമ്പത്തിക മാന്ദ്യം സംസ്ഥാന സർക്കാരിനെ ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; എങ്കിൽ ഈ സാമ്പത്തിക മാന്ദ്യത്തിന്റെ കാരണം വ്യക്തമാക്കാൻ കഴിയുമോ ;

(ബി) ആഗോളവൽക്കരണവും അതിനെത്തുടർന്നുള്ള പുതിയ ഇറക്കുമതി നയവുമാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക മാന്ദ്യത്തിന് കാരണമെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഇൻഡ്യയിൽ ശമ്പളം, ഡി.എ. തുടങ്ങിയവപോലും കൃത്യമായി നൽകാൻ കഴിയാതെ സാമ്പത്തിക ബുദ്ധിമുട്ടനുഭവപ്പെടുന്ന സംസ്ഥാന സർക്കാരുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ സംസ്ഥാനങ്ങൾ എന്ന് വ്യക്തമാക്കുമോ ;

(ഇ) റിസർവ് ബാങ്കിന്റെ നിബന്ധന പാലിക്കാൻ കഴിയാത്തതിന്റെ പേരിൽ രാജ്യത്തെ പല സംസ്ഥാനങ്ങളിലേയും ട്രഷറികൾ പൂട്ടേണ്ടി വരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) സംസ്ഥാന സർക്കാരിന് ഇതിന്റെ പേരിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഇതുവരെ എപ്പോഴെങ്കിലും ട്രഷറി പൂട്ടേണ്ടി വന്നിട്ടുണ്ടോ ;

(ജി) സംസ്ഥാന ട്രഷറികളിൽ ബില്ലുകൾ മാറുന്നതിന് ഇപ്പോൾ ഭാഗിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഈ നിയന്ത്രണം എപ്പോൾ ഇല്ലാതാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാൻ കഴിയുമോ ;

(എച്ച്) ട്രഷറികൾ സാധാരണ നിലയിൽ പ്രവർത്തന സജ്ജമാക്കുന്നതിന് സാമ്പത്തികരംഗം കൂടുതൽ മെച്ചപ്പെടുത്താൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ,

(എ) രാജ്യത്താകെ അനുഭവപ്പെട്ടുവരുന്ന സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ്ഘടനയേയും ബാധിച്ചിട്ടുണ്ട്. ഇതിന് പ്രധാന കാരണം ഇന്നത്തെ കേന്ദ്ര സർക്കാർ അനുവർത്തിച്ചു പോരുന്ന സാമ്പത്തിക നയങ്ങളും അതിനടിസ്ഥാനമായിട്ടുള്ള ആഗോളവൽക്കരണ നയങ്ങളും ഇറക്കുമതി നയങ്ങളുമാണ്. ഈ നടപടികൾ രാജ്യത്തിന്റെയും സംസ്ഥാനങ്ങളുടെയും സമ്പദ്ഘടനകളെ ഏറെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ടുകൾ തെളിയിക്കുന്നത്.

(ബി & സി) രാജ്യത്തെ കാർഷിക മേഖലയുടെ വളർച്ചയേയും തദ്വാരാ ഈ രംഗത്തെ ക്രയ വിക്രയ ശേഷിയേയും പ്രതികൂലമായി ബാധിക്കുന്ന നിരവധി നടപടികൾ കൈക്കൊള്ളാൻ ലോക വ്യാപാര സംഘടനയുമായുണ്ടാക്കിയ കരാറനുസരിച്ച് കേന്ദ്ര സർക്കാർ നിർബന്ധിതമായിട്ടുണ്ട്. ഈ നടപടികൾ, സ്വാഭാവികമായും കാർഷിക സമ്പദ് വ്യവസ്ഥിതിയിലധിഷ്ഠിതമായ നമ്മുടെ സംസ്ഥാന സമ്പദ്ഘടനയെ ഏറെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കേരളത്തിന്റെ പ്രധാന വിളകളായ റബർ, തേയില, കാപ്പി, ഏലം, നാളികേരം എന്നിവയുടെ കുത്തനെയുള്ള വിലയിടിവ് കർഷകരുടെയും അതിലൂടെ സംസ്ഥാനത്തിന്റെയും വരുമാനത്തിൽ ഗണ്യമായ കുറവ് വരുത്തി. ഏറ്റവും രൂക്ഷമായ വിലത്തകർച്ച റബ്ബറിന്റെയും നാളികേരത്തിന്റെയും കാര്യത്തിലാണുണ്ടായത്. കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദനത്തിലും സംസ്ക്കരണത്തിലും വിപണനത്തിലും ഏർപ്പെട്ടിരുന്ന ഒട്ടേറെപ്പേരുടെ തൊഴിൽ അവസരങ്ങൾ നഷ്ടമാക്കി. കുറഞ്ഞ വിലയ്ക്കുള്ള കാർഷിക ഉല്പന്നങ്ങളുടെ ഇറക്കുമതിയുടെ ഫലമായി നമ്മുടെ മിക്ക വിളകൾക്കും വിപണനത്തിലുള്ള അവസരങ്ങൾ നഷ്ടപ്പെട്ടുവെന്ന് മാത്രമല്ല ഉല്പാദന ചെലവിനനുസൃതമായ വില ലഭ്യമാകാത്തതുമൂലം ഉല്പാദനം നില നിർത്തുന്നതിന് കർഷകർക്ക് കഴിയാതെയും വന്നു. 2001 ഏപ്രിൽ മുതൽ നാളികേരവും റബറും സ്വതന്ത്ര ഇറക്കുമതി പട്ടികയിൽപ്പെടുന്നതോടെ സംസ്ഥാനത്തെ കാർഷിക മേഖല ഇന്നഭിമുഖീകരിക്കുന്ന വിലത്തകർച്ചയും വരുമാന ശോഷണവും കൂടുതൽ സങ്കീർണ്ണമാകും.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഹാരാഷ്ട്ര, ആസ്സാം, ബീഹാർ മുതലായ സംസ്ഥാനങ്ങൾ.

(ഇ) ഉണ്ട്.

(എഫ്) ഇല്ല.

(ജി) ചില താൽക്കാലിക നിയന്ത്രണങ്ങൾ ചിലപ്പോൾ ഏർപ്പെടുത്താറുണ്ട്. എന്നാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക ഞെരുക്കത്തിന് അയവു വരുന്ന മുറയ്ക്ക് നിയന്ത്രണങ്ങൾ ഒഴിവാക്കാൻ കഴിയും. ഇപ്പോൾ ഈ നിയന്ത്രണങ്ങൾ 28-2-2001 മുതൽ 17-3-2001 വരെ ഇളവു ചെയ്തിട്ടുണ്ട്.

(എച്ച്) ചില താൽക്കാലിക നിയന്ത്രണങ്ങൾ ഉണ്ടെങ്കിലും ട്രഷറികൾ സാധാരണ നിലയിൽ പ്രവർത്തിക്കുന്നുണ്ട്. സാമ്പത്തിക രംഗം മെച്ചപ്പെടുന്നതനുസരിച്ച് അവശേഷിക്കുന്ന നിയന്ത്രണങ്ങളും നീക്കാൻ ശ്രമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുമാരൻ : കഴിഞ്ഞ പത്തു വർഷക്കാലമായി കേന്ദ്ര ഗവൺമെന്റുകൾ നടപ്പാക്കി വരുന്ന പുത്തൻ സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ ഫലമായി നമ്മുടെ രാജ്യത്തിന്റെ വിദേശകടം എത്ര ഇരട്ടിയായി വർദ്ധിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ ഫലമായി സംസ്ഥാനത്തിനുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ വിശദമാക്കാമോ ?

ശ്രീ. ടി. ശിവദാസമേനോൻ : കേന്ദ്ര ഗവൺമെന്റ് റവന്യൂ വരുമാനത്തിന്റെ 70 ശതമാനം തുകയാണ് കടം വാങ്ങിയതിന്റെ പലിശ കൊടുക്കാൻ വേണ്ടി വിനിയോഗിക്കുന്നത്. ഇതിൽ നിന്നും വിദേശ കടബാദ്ധ്യതയുടെ ആഴവും പരപ്പും ഊഹിക്കാമല്ലോ. ഏകലോക സിദ്ധാന്തം വന്നതോടുകൂടി അമേരിക്കയുടെ ഭ്രമണപഥത്തിൽ നിർത്താൻവേണ്ടി അവർ വലിയ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. സൗത്ത്- ഈസ്റ്റ് ഏഷ്യയിൽ ആഞ്ഞടിച്ച സാമ്പത്തികമാന്ദ്യംമൂലം ഏഷ്യൻ പുലികൾ എന്നറിയപ്പെടുന്ന ജപ്പാൻ, തായ്ലന്റ്, സിംഗപ്പൂർ, സൗത്ത് കൊറിയ എന്നീ രാജ്യങ്ങളുടെ മിറാക്കിൾഇക്കോണമി വരെ തകർത്തിരിക്കുന്നു. ഇന്തോനേഷ്യയും ഫിലിപ്പീൻസും ഈ തരംഗത്തിൽപ്പെട്ട് തകർന്നു. ഇതിന്റെ തരംഗങ്ങൾ ശക്തമായി ആഞ്ഞടിക്കുന്ന കാലമാണ്. അതിൽനിന്നും ഇൻഡ്യാ രാജ്യത്തിനും അതിലെ കൊച്ചു സംസ്ഥാനമായ കേരളത്തിനും രക്ഷപ്പെടാൻ കഴിയില്ല.

ശ്രീ. പി. കെ. കുമാരൻ : പതിനൊന്നാം ധനകാര്യക്കമ്മീഷൻ ശുപാർശകളുടെ ഫലമായി സംസ്ഥാനത്തിനുണ്ടായിട്ടുള്ള നഷ്ടത്തെക്കുറിച്ച് ഗവൺമെന്റ് പിശോധിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. ടി. ശിവദാസമേനോൻ : ഫൈനാൻസ് കമ്മീഷൻ ഒരു കോൺസ്റ്റിറ്റ്യൂഷണൽ അതോറിറ്റിയാണ്. പ്ലാനിംഗ് കമ്മീഷൻ കൂടി കോൺസ്റ്റിറ്റ്യൂഷണൽ അതോറിറ്റിയല്ല. ആ ഫൈനാൻസ് കമ്മീഷന്റെ അവാർഡ് നിഷ്പക്ഷമാകുമെന്ന് വിചാരിച്ചു. എന്നാൽ അങ്ങനെയുണ്ടായില്ല. അവരുടെ സമീപനംമൂലം കേരളത്തെ മാത്രമല്ല, തെക്കൻ സ്റ്റേറ്റുകളെ മുഴുവൻ സാരമായി ബാധിച്ചിരിക്കുകയാണ്. അതുകൊണ്ടാണ് കേരള, കർണ്ണാടക, തമിഴ്നാട് ആന്ധ്ര പ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ ഒരുമിച്ചു പോയി പ്രധാനമന്ത്രിയെ കണ്ടത്. അഞ്ചുവർഷത്തെ നഷ്ടം കേരളത്തിനുമാത്രം 3700 കോടി രൂപയിൽ താഴെ വരും. ഇതിനുള്ള പ്രതിവിധി എന്ന നിലയ്ക്കാണ് സ്റ്റേറ്റിന്റെ പ്ലാൻ ലോൺ അനുപാതം 70:30 എന്നതു മാറ്റി 50:50 ആക്കണമെന്ന് കൂട്ടായി ആവശ്യപ്പെട്ടിട്ടുള്ളത്. കൂടാതെ ഈ നഷ്ടം നികത്തുന്നതിന് സ്പെഷ്യൽ ഗ്രാന്റ് കേന്ദ്രം അനുവദിക്കണമെന്നും അല്ലാത്തപക്ഷം കേന്ദ്രം നൽകിയിട്ടുള്ള ലോണിൽനിന്നും അത്രയും തുക എഴുതിത്തള്ളണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ജി. സുധാകരൻ : കഴിഞ്ഞ പത്തുവർഷക്കാലത്തെ തെറ്റായ സാമ്പത്തിക നയങ്ങളുടെ – Liberalisation, Privatisation, Globalisation - ഫലമായിട്ടാണ് സംസ്ഥാനത്തു സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായിട്ടുള്ളതെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ അങ്ങ് ചൂണ്ടിക്കാണിച്ചിട്ടുണ്ട് അതുകൊണ്ട് അതിനുത്തരവാദിയായ കേന്ദ്ര ഗവൺമെന്റിനെതിരെ ഒരു കുറ്റപത്രം തയ്യാറാക്കുന്ന കാര്യം ആലോചിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : കുറ്റപത്രം തയ്യാറാക്കുന്നതുകൊണ്ട് പ്രചരണം കിട്ടുമെന്നുള്ളതല്ലാതെ കാര്യങ്ങൾ ഒന്നും നടക്കുകയില്ല. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സ്പിരിറ്റിനോട് യോജിക്കുന്നു. കുറ്റപത്രം തയ്യാറാക്കുന്നതിലും അധികം ഗുരുതരമാണ് ഇപ്പോഴത്തെ സ്ഥിതിവിശേഷം.

ശ്രീ. ജി. സുധാകരൻ : ഗാട്ട് കരാർ അനുസരിച്ചുള്ള താരിഫുകൾ കേന്ദ്ര ഗവൺമെന്റുകൾ ഏർപ്പെടുത്താത്തതുമൂലമാണ് നമ്മുടെ കാർഷിക വിളകൾക്ക് ഇത്രയും വിലയിടിവുണ്ടായിട്ടുള്ളതെന്ന കാര്യം സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതനുസരിച്ചുള്ള താരിഫ് ഏർപ്പെടുത്തുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ?

ശ്രീ. ടി. ശിവദാസമേനോൻ : ഗാട്ട് കരാറിലെ വ്യവസ്ഥകളിലൊന്നായിട്ടുള്ള Intellectual Property Right പ്രകാരമാണ് താരിഫ് നിശ്ചയിക്കേണ്ടത്. നിശ്ചയമായും ഗവൺമെന്റ് ഇക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. ടി. കെ. ബാലൻ : സാമ്പത്തിക പ്രതിസന്ധിയുടെ ഫലമായി ഒറീസ്സയിലെ ട്രാൻസ്പോർട്ട് ജീവനക്കാർക്ക് ശമ്പളം നൽകാത്തതിന്റെ ഫലമായി അവർ ദിവസമുള്ള കളക്ഷൻ വീതിച്ചെടുക്കുന്ന ഒരു സ്ഥിതിയുണ്ടെന്ന് പറയുന്നു. ഇതുസംബന്ധിച്ച് ഗവൺമെന്റിന് എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ ?

ശ്രീ. ടി. ശിവദാസമേനോൻ : മറ്റൊരു സ്റ്റേറ്റിനെപ്പറ്റിയുള്ള വിവരങ്ങൾ അസംബ്ലിയിൽ ഞാൻ വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. ഏകദേശം ഏഴോളം സംസ്ഥാനങ്ങളിൽ ജീവനക്കാർക്ക് മാസങ്ങളായി ശമ്പളം കൊടുക്കുന്നില്ല. രസകരമായ ഒരു കാർട്ടൂണോടുകൂടി 18-1-2001- ലെ ടൈംസ് ഓഫ് ഇൻഡ്യയിൽ മഹാരാഷ്ട്രയിലെ കാര്യം പറഞ്ഞിട്ടുണ്ട്. അവിടെ ഓരോ മാസം ഓരോ ജില്ലയിൽ ശമ്പളം കൊടുക്കുന്ന സ്ഥിതിയാണെന്ന് ആ പത്രത്തിൽ പറയുന്നു. ആ വിധത്തിൽ പല സംസ്ഥാനങ്ങളും സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും ഉത്തരങ്ങളും

ഗ്രൂപ്പ് ഫാമിംഗ് പദ്ധതി

4 (*212) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള ഗ്രൂപ്പ് ഫാമിംഗ് പദ്ധതി കൂടുതൽ ഊർജ്ജസ്വലമാക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;